(ജി) തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ചെന്നൈ ഐ.ഐ.റ്റി.യുടെ സമഗ്രമായ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ എന്തെല്ലാം നടപടികൾ എടുക്കണമെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

കോഴിത്തോട് ജലസേചന പദ്ധതി

107 (6266) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി മുല്ലശ്ശേരി എള വള്ളി പഞ്ചായത്തുകളുൾപ്പെടുന്ന കോഴിത്തോട് ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തി ലാണെന്നും എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കുമോ ;

(സി) കോഴിക്കോട് ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന മണൽ എന്തു ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(ഡി) മണൽ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത മണൽ നിലം നികത്തുന്നതിനും മറ്റുമായി അനധികൃ തമായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മണലിന് വില ലഭിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1.24 കോടി രൂപയാണ് കോഴിത്തോട് ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് തുക.

(ബി) 50% പണി കഴിഞ്ഞു. 30-6-2011 ആകുമ്പോഴേയ്ക്കും പണി പൂർത്തി യാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി)-(എഫ്) ഇവിടെ നിന്നും ലഭിക്കുന്നത് മണ്ണും ഉപയോഗശൂന്യമായ ചെമാലിന്യങ്ങളുടെ മിശ്രിതവുമാണ്. ഇത് ബാക്ക് ഫില്ലിംഗിന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ബാക്കിവരുന്നത് കരാറുകാരനിൽനിന്നും നിശ്ചിത തുക ഈടാക്കി കരാറുകാരന്റെ സ്വന്തം വാഹനത്തിൽത്തന്നെ സൈറ്റിൽ നിന്നും നീക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. മഴമാറി വാഹനം സൈറ്റിൽക്കൂടി ഓടാൻ തുടങ്ങിയാൽ ഇത് നീക്കം ചെയ്യുന്നതാണ്.

ചെറുകുളങ്ങൾ സംരക്ഷിക്കാൻ നടപടി

108 (6267) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകുളങ്ങൾ ഉൾപ്പെടെയുള്ള കേരളത്തിലെ മുഴുവൻ ജലാശ യങ്ങളുടേയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി

LIBRARY ARCHIVES Kerala Legislative Assembly